I/14359/2023

**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – തൃശ്ശൂർ ജില്ല – ഗുരുവായൂർ നഗരസഭ-ഗുരുവായൂർ വില്ലേജ് -ആശുപത്രി കെട്ടിട നിർമ്മാണം -കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഗുരുവായൂർ നഗരസഭ സെക്രട്ടറിയുടെ 29/03/2023 ലെ E2-BA-39/20-21 നമ്പർ കത്ത്.
2. തൃശ്ശൂർ ജില്ലാ ടൗൺ പ്ലാനറുടെ 25/04/2023 തീയതിയിലെ TCPTSR/382/2023-C2 നമ്പർ കത്ത്.

==========================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. LSGD/PD/32348/2023-TCPA1 തീയതി:30-05-2023

==========================================================

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നഗരസഭ പരിധിയിലുള്ള ഗുരുവായൂർ വില്ലേജിൽ സർവ്വേ നമ്പർ 106/22, 106/17, 105/14, 105/15എ, 105/25എ, 129/18, 129/1 എന്നിവയിൽപ്പെട്ട 71.05 ആർ സ്ഥലത്ത് നിലവിലുള്ള മെഡിക്കൽ സെന്റർ പൊളിച്ചു മാറ്റി 7866.30 ച.മീ Built-up വിസ്തീർണ്ണമുള്ള ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി പ്രസ്തുത നിർമ്മാണത്തിന് അംഗീകൃത ഗുരുവായൂർ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ്, അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷമേ കെട്ടിടത്തിന് നിർമ്മാണാനുമതി / ഒക്യുപൻസി നൽകുവാൻ പാടുള്ളൂ. (കെ.എം.ബി.ആർ 2019 ചട്ടം 5(4).)
2. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, വിസ്തൃതി, അതിരുകൾ, അളവുകൾ, സർവ്വേ നമ്പർ, അപേക്ഷകന്റെ നിർമ്മാണാവകാശവും നിർദ്ദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും സെക്രട്ടറി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിരിക്കണം. അപേക്ഷകരുടെ ഉടമസ്ഥതയിലുള്ള തുടർച്ചയായുള്ള

I/14359/2023

മുഴുവൻ സ്ഥലവും പ്ലാനുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുള്ള അളവുകളും വിശദാംശങ്ങളും ശരിയാണെന്നും ഉറപ്പു വരുത്തിയിരിക്കണം.

3. കെ.എം.ബി.ആർ 2019 ചട്ടം 5(6)(1)(സി) പ്രകാരമുള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് Concurrance അനുമതി നൽകുന്നത് എന്നതിനാൽ പ്രസ്തുത നിർമ്മാണം കെ.എം.ബി.ആർ 2019 ചട്ടങ്ങൾക്കും നാളിതുവരെയുള്ള ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. പ്രസ്തുത സ്ഥലത്ത് കേരള വെറ്റ് ആൻഡ് പാഡി ലാൻഡ് ആക്ട് 2008 ബാധകമാകുന്ന പക്ഷം ആയതിനുള്ള നടപടിക്രമങ്ങൾ പാലിച്ചു മാത്രമേ നിർമ്മാണത്തിന് അനുമതി നൽകാൻ പാടുള്ളൂ.
5. അംഗീകൃത ഗുരുവായൂർ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള റോഡ് വികസനത്തിനുള്ള സ്ഥലം നീക്കിവച്ച ശേഷമേ നിർമ്മാണം നടത്താൻ പാടുള്ളൂ.
6. നിർമ്മിക്കാനുദ്ദേശിക്കുന്ന ആശുപത്രി കെട്ടിടത്തിലേക്ക് ചേർത്ത് രേഖപ്പെടുത്തിയിട്ടുള്ള ലിക്വിഡ് വേസ്റ്റ് മാനേജ്മെൻറ് പ്ലാൻറ് മറ്റ് ചട്ട ലംഘനമില്ലാത്ത രീതിയിൽ മാറ്റി സ്ഥാപിക്കേണ്ടതാണ്. അപ്രകാരമുള്ള പ്ലാൻ സമർപ്പിച്ചാൽ മാത്രമേ ജില്ലാ ടൌൺ പ്ലാനർ ലേ ഔട്ട് അംഗീകാരം നൽകാവൂ.
7. പ്ലോട്ടിൽ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള നിർമ്മാണങ്ങൾ അംഗീകൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
8. അപേക്ഷ സമർപ്പിച്ചിരുന്ന സമയത്ത് ബാധകമായിരുന്ന സ്ക്രൂട്ടിനി ഫീസ് ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ ഔട്ട് അംഗീകാരം ജില്ല ടൌൺ പ്ലാനറിൽ നിന്നും നിർമ്മാണ/വികസന അനുമതി നഗരസഭയിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Nidheesh K. P.
Date: 30-05-2023 16:19:48

നിധീഷ്.കെ.പി
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, ഗുരുവായൂർ നഗരസഭ, തൃശ്ശൂർ-680101

പകർപ്പ്:-

1. അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം, തൃശ്ശൂർ
2. ടൗൺപ്ലാനർ, തൃശ്ശൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം